(ബി) സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് ജനശ്രീമിഷന്റെ ഏതൊക്കെ ആഫീസുകളിൽ പോലീസ് റെയ്ഡ് നടത്തുകയുണ്ടായി ; എത്ര കോടി രൂപയുടെ തട്ടിപ്പുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ജനശ്രീ നെല്ലനാട് മണ്ഡലം കമ്മിറ്റിയിൽ പ്രസ്തുത തട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളവർ ആരൊക്കെയായിരുന്നു; ആരെയെല്ലാം പ്രതിചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അറസ്റ്റ് ചെയ്യപ്പെട്ടവരെത്ര ; ആരൊക്കെ : വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജനശ്രീമിഷനുമായി ബന്ധപ്പെട്ട് നടന്നതായി ആരോപിക്കപ്പെട്ട സാമ്പത്തിക തട്ടിപ്പിനെ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 280/15 u/s 406, 420, 434 IPC & 13 &17 of the Kerala Money Lenders Act പ്രകാരമുള്ള കേസ് വെഞ്ഞാറമൂട് പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്.

(ബി) ഇതു സംബന്ധിച്ച് വെഞ്ഞാറമൂട് ജനശ്രീ സുസ്ഥിര വികസന മിഷൻ, നെല്ലനാട് മണ്ഡലം സഭാ ഓഫീസിൽ റെയ്ഡ് നടത്തുകയുണ്ടായി. എഴുപതോളം പേർ തട്ടിപ്പിനിരയായിട്ടുണ്ട്. 28 ലക്ഷം രൂപയുടെ തട്ടിപ്പുകൾ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്.

(സി) ജനശ്രീ നെല്ലനാട് മണ്ഡലം കമ്മിറ്റി സെക്രട്ടറിയായ പൊങ്ങൻവിള ചന്ദ്രൻ @ വിജയചന്ദ്രൻ നായർ ഒന്നാം പ്രതിയായും, ടി കമ്മിറ്റിയുടെ പ്രസിഡന്റായ വയ്യേറ്റ് ചന്ദ്രൻ എന്ന ചന്ദ്രശേഖരൻ നായർ എന്നയാളെ രണ്ടാം പ്രതിയായും രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ ഒന്നാം പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതും രണ്ടാം പ്രതി ഹൈക്കോടതി ജാമ്യത്തിലുമാണ്.

ആരാധനാലയങ്ങളിലെ മോഷണം

242 (246) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് വിവിധ ആരാധനാലയങ്ങളിൽ മോഷണം നടന്നത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി ; എത്ര എണ്ണത്തിൽ മോഷണ വസ്തു തിരികെ ലഭിച്ചു ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ള പ്രതികളുടെ എണ്ണം എത്ര ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ആരാധനാലയങ്ങളിൽ മോഷണം നടന്നത് സംബന്ധിച്ച് 1285 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) മേൽപ്പറഞ്ഞ കേസുകളിൽ 625 എണ്ണത്തിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്. 468 കേസുകളിൽ മോഷണ വസ്തുക്കൾ തിരികെ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് 276 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

കറുകുത്തുകളുടെ എണ്ണം

243 (247) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട കറുകുത്തുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ :

(ബി) ഇവയിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണം അറിയിക്കുമോ :

(സി) ഇതിൽ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 231916 കറുകുത്തുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇവയിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണം 252169 ആണ്.

(സി) ഇതിൽ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം 40368 ആണ്.

സ്ത്രീ സുരക്ഷയ്ക്കായി നിയമനിർമ്മാണം

244 (248) ശ്രീമതി കെ. കെ. രമ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. ടി. എ. റഹീം : താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സ്ത്രീകളുടെ സുരക്ഷയ്ക്ക് നിലവിലുള്ള നിയമങ്ങളും വ്യവസ്ഥകളും എത്രത്തോളം പര്യാപ്തമാണ് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly